

TUESDAY 15-11-2022 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : Suraj S** **Editor : Dr Saritha Vijayan K**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-15/11/2022.

1. പച്ചത്തേങ്ങ സംഭരണത്തിനായി കർഷകർക്ക് അതാത് ജില്ലകളിലെ സംഭരണ കേന്ദ്രങ്ങളിൽ ബന്ധപ്പെട്ട രേഖകളുമായി സമീപിക്കാവുന്നതാണ്. കൃഷിഭവനിലെ കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ്, നികുതി രസീത്, ബാങ്ക് പാസ് ബുക്ക്, ആധാർ എന്നിവയുടെ പകർപ്പുമായി സംഭരണ കേന്ദ്രത്തിൽ കർഷകർക്ക് രജിസ്റ്റർ ചെയ്യാം. പച്ചത്തേങ്ങ സംഭരണം സംബന്ധിച്ച സംശയനിവാരണത്തിനായി കർഷകർക്ക് അതാത് കൃഷിഭവനുമായി ബന്ധപ്പെടേണ്ടതാണ്.

2. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് പദ്ധതിയുടെ മൂന്നാംഘട്ടത്തിന്റെ ഉദ്ഘാടനം ഇന്ന് രാവിലെ 10 മണിക്ക് കൊല്ലം ജില്ലയിൽ വച്ച് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും. **നവംബർ 15 മുതൽ ഡിസംബർ 8 വരെ ഉള്ള 21 പ്രവർത്തി ദിവസങ്ങ**ളിലായി ഈ യജ്ഞം പൂർത്തീകരിക്കുന്നതാണ്. നാല് മാസവും അതിനു മുകളിലും പ്രായമുള്ള മുഴുവൻ പശു, എരുമ വർഗ്ഗത്തിലുളള ഉരുക്കളേയും കുത്തിവയ്പ്പിന് വിധേയമാക്കാനാണ് ലക്ഷ്യമിടുന്നത്. കർഷകരുടെ വീട്ടുപടിക്കൽ സേവനം നൽകുന്നതിനായി ഒരു വാക്സിനേറ്ററും ഒരു സഹായിയും അടങ്ങുന്ന 1916 സ്ക്വാഡുകൾ ഇതിനായി രൂപീകരിച്ചിട്ടുണ്ട്. മൃഗങ്ങൾക്കുള്ള സാംക്രമിക രോഗനിയന്ത്രണ/നിർമ്മാർജ്ജന ആക്ട് പ്രകാരം കുളമ്പുരോഗ കുത്തിവയ്പ്പ് എടുക്കേണ്ടത് അനിവാര്യമാണ്.

3. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) നടത്തുന്ന പരിശീലനങ്ങളെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതുസംബന്ധമായ ചോദ്യങ്ങൾക്ക് നാളെ (നവംബർ 16) രാവിലെ പത്തു മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർബോർഡിലെ ഫാക്ടറി മാനേജർ ഫോണിലൂടെ മറുപടി നൽകും. കോൾസെന്റർ നമ്പർ **0481 2576622.**

4. തിരുവനന്തപുരം ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ 2023 വർഷത്തെ പാൽകാർഡ് വിതരണം ചെയ്യുന്നതിന് ഫാമിന് പരിസരത്തുളള കോർപ്പറേഷൻ വാർഡുകളായ കുടപ്പനക്കുന്ന്, പാതിരപ്പള്ളി, ചെട്ടിവിളാകം, കിണവൂർ എന്നിവിടങ്ങളിലും കരകുളം ഗ്രാപഞ്ചായത്ത് വാർഡുകളായ

വഴയില, കല്ലയം, പ്ലാവുവിള, നെടുമ്പാറ, നെടുമൺ എന്നിവിടങ്ങളിലും സ്ഥിരതാമസക്കാരായ റേഷൻ കാർഡുള്ള കുടുംബങ്ങളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷാ ഫോമുകൾ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. നിർദ്ദിഷ്ഠ മാതൃകയിൽ പൂരിപ്പിച്ച അപേക്ഷകൾ ഇന്നു വരെ (നവംബർ 15) രാവിലെ 11 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരേയും ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരേയും ഫാം ഓഫീസ് ബിൽഡിംഗിൽ സ്വീകരിക്കുന്നതാണ്.

**പരിശീലന പരിപാടികൾ**

5. തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജ് ട്രെയിനിങ് സർവീസ് വിഭാഗത്തിൽ **പഴം പച്ചക്കറി വിളകളുടെ ശാസ്ത്രീയ കൃഷി രീതികൾ, സസ്യസംരക്ഷണം, മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ, വൈൻ നിർമ്മാണം** എന്ന വിഷയത്തിൽ **നവംബർ 21, 22, 23** തീയതികളിലായി ത്രിദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലന ഫീസ് 1000 രൂപ. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കേരള കാർഷിക സർവകലാശാലയിൽ നിന്നുമുള്ള സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്. പങ്കെടുക്കുവാൻ താൽപര്യമുള്ളവർ **9539115117** എന്ന ഫോൺ നമ്പറിലേക്ക് വിളിക്കുകയോ, പേരും ഫോൺ നമ്പരും അതെ നമ്പരിലേക്ക് വാട്സാപ്പ് സന്ദേശമായി അയയ്ക്കുകയോ, നേരിട്ട് കാർഷിക കോളേജ് വെള്ളായണിയിലെ സോഷ്യൽ സയൻസ് / കാർഷിക വിജ്ഞാന വ്യാപന വിഭാഗം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ട്രെയിനിങ് സർവീസ് സ്കീമിന്റെ ഓഫീസിൽ എത്തി രജിസ്റ്റർ ചെയ്യുകയോ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9539115117, 9495118208** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

6. കേരള സർക്കാർ സ്ഥാപനമായ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ വിളക്കുപാറ, ഏരൂർ, കൊല്ലം ജില്ലയിലെ മൂല്യവർദ്ധിത ഇറച്ചി ഉത്പന്ന സംസ്കരണ ഫാക്ടറിയിൽ മീറ്റ് പ്രോസസിംഗിൽ 15 ദിവസം നീണ്ടുനിൽക്കുന്ന സൗജന്യ ക്രാഷ് കോഴ്സ് തുടങ്ങുന്നു. ഒരു ബാച്ചിൽ 15 സീറ്റാണുള്ളത്. താല്പര്യമുള്ള ഫുഡ് ടെക്നോളജി / അനിമൽ ഹസ്ബൻഡറി (വി എച്ച് എസ് ഇ)/ബുച്ചറി/ കുക്കറി എന്നിവയിൽ ഡിഗ്രിയോ ഡിപ്ലോമ സർട്ടിഫിക്കറ്റോ ഉള്ളവർക്ക് mpieroorproj@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ ഈ മാസം **15-നകം** (15-11-2022) അപേക്ഷിക്കേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. പട്ടം ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം **17,18** (നവംബർ 17,18) **ശുദ്ധമായ പാലുൽപാദനം** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. താൽപര്യമുള്ളവർ ഈ മാസം **16-ന് (നവംബർ 16) 5 മണിക്കു മുമ്പായി** പരിശീലന കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപയാണ്. പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 125 രൂപ ദിനബത്തയും, ആകെ 100 രൂപ യാത്രാബത്തയും നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി.ഒ., തിരുവനന്തപുരം 695004 എന്ന മേൽവിലാസത്തിലോ, **0471-2440911** എന്ന ഫോൺ നമ്പരിലോ, principaldtctvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

8. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് **പശു വളർത്തൽ** എന്ന വിഷയത്തിൽ ഈ മാസം 18-ന് (18/11/2022-ന്) രാവിലെ 10.00 മുതൽ 4.00 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്. പങ്കെടുക്കുന്നവർ **0491- 2815454, 9188522713** എന്ന നമ്പറിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചേയ്യേണ്ടതാണ്.

9. മണ്ണുത്തി വെറ്ററിനറി കോളേജിലെ ലൈവ്സ്റ്റോക്ക് പ്രൊഡക്ഷൻ മാനേജ്മെൻറ് ഡിപ്പാർട്ട്മെൻറിന് കീഴിലുള്ള ഇക്കോഫാമിൽ സർട്ടിഫിക്കറ്റ് കോഴ്സിന് അപേക്ഷിക്കാം. ആറുമാസമാണ് കാലാവധി. നവംബർ 30-ന് മുമ്പ് അപേക്ഷ ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക് **9745793807** എന്ന ഫോൺ നമ്പരിലോ ecofarmmty@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം